(ഡി) ഉണ്ട്. ഓഡിറ്റിംഗിനായി ഒരു ഓൺലൈൻ സംവിധാനവും സർവ്വകലാശാല ഒരുക്കിയിട്ടുണ്ട്. ഓഡിറ്റർമാർ ഓൺലൈനായി സർവ്വകലാശാലയ്ക്ക് സമർപ്പിക്കുന്ന വിവരങ്ങൾക്ക് അനുബന്ധമായി കോളേജ് പ്രിൻസിപ്പൽമാർക്കും അഭിപ്രായം രേഖപ്പെടുത്താം. അതിനുശേഷമാണ് സർവ്വകലാശാല അന്തിമ തീരുമാനമെടുക്കുക.

**സാങ്കേതിക ശാസ്ത്ര സർവ്വകലാശാല അദാലത്തിലൂടെ വിദ്യാർത്ഥിക്ക് ഉയർന്ന മാർക്ക്**

219(3492) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതികശാസ്ത്ര സർവകലാശാല അദാലത്തിലൂടെ വിദ്യാർത്ഥിക്ക് ഉയർന്ന മാർക്ക് നൽകിയതായ പരാതി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഈ വിഷയം പ്രത്യേക കേസായി അദാലത്തിൽ പരിഗണിക്കാമെന്ന് നിർദ്ദേശം നൽകിയത് ആരാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വകലാശാല അദാലത്തിലൂടെ വിദ്യാർത്ഥിക്ക് ഉയർന്ന മാർക്ക് നൽകിയിട്ടില്ല.

(ബി) ഇത് സംബന്ധിച്ച പരാതികളൊന്നും ഉന്നതവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായിട്ടില്ല.

(സി) സാങ്കേതിക സർവ്വകലാശാല അദാലത്തിൽ ഒരു വിഷയവും പ്രത്യേകമായി പരിഗണിക്കാൻ ഒരിടത്തുനിന്നും നിർദ്ദേശം ലഭിച്ചിട്ടില്ല.

**ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം**

220(3493) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ.എ. പി. ജെ. അബ്ദുൾകലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എവിടെയാണ് സ്ഥലം ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; ഇതിന്റെ പണി എന്ന് മുതൽ ആരംഭിയ്ക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഡോ. എ. പി. ജെ. അബ്ദുൽ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിന് കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ സ്ഥലം ഏറ്റെടുക്കാൻ റവന്യൂ വകുപ്പിന്റെ 3-7-2019-ലെ സ.ഉ.(സാധാ) നം. 1757/19/RD. പ്രകാരം ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് തിരുവനന്തപുരം ജില്ലാ ഭരണകൂടം സ്പെഷ്യൽ തഹസിൽദാരെ (പൊന്നുംവില) സ്പെഷ്യൽ ഓഫീസറായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട പ്രാരംഭ ചെലവുകൾക്കായി അൻപതുലക്ഷം രൂപ തഹസിൽദാരുടെ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് വിശദമായ സ്കെച്ച് ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുവേണ്ടി നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷംതന്നെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**തൃശ്ശൂർ തേജസ് എഞ്ചിനീയറിംഗ് കോളേജിൽ ലാറ്ററൽ എൻട്രി**

221(3494) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ തേജസ് എഞ്ചിനീയറിംഗ് കോളേജിൽ പോളിടെക്നിക് പാസ്സായവർക്ക് ഒഴിവുവരുന്ന സീറ്റുകളിൽ ലാറ്ററൽ എൻട്രി പരീക്ഷ എഴുതാതെ രണ്ടാം വർഷത്തിലേയ്ക്ക് അഡ്മിഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര വിദ്യാർത്ഥികൾക്കെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിദ്യാർത്ഥികളുടെ തുടർപഠനം തടഞ്ഞുകൊണ്ട് എന്തെങ്കിലും നിർദ്ദേശം ഉണ്ടായിട്ടുണ്ടോ;